# പതിനാലാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 143 | 23.01.2018 ൽ മറുപടിക്ക്

**ഗുണ്ടാ സംഘങ്ങളുടെ പ്രവർത്തനം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ് | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) ഗുണ്ടാ സംഘങ്ങളുടെ പ്രവർത്തനം ഉന്മൂലനം ചെയ്യുന്നതിന് ദീർഘകാല പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ; | (എ) സംസ്ഥാനത്ത് ഗുണ്ടാ സംഘങ്ങളെയും, സാമൂഹ്യ വിരുദ്ധരെയും അമർച്ച ചെയ്യാനായി ശക്തമായ പോലീസ് നടപടികൾ സ്വീകരിച്ച് വരുന്നു. ഇതിനായി ഈ സർക്കാരിന്റെ കാലത്ത് ഗുണ്ടാ വിരുദ്ധ സ്ക്വാഡ് രൂപീകരിച്ചിട്ടുള്ളതും ടി സ്ക്വാഡ് കാര്യക്ഷമമായി പ്രവർത്തിച്ച് വരുകയും ചെയ്യുന്നു. ഓപ്പറേഷൻ സുരക്ഷാ പദ്ധതി മുഖേന സമൂഹത്തിൽ ജനങ്ങളുടെ സുരക്ഷയും ക്രമസമാധാനവും ഉറപ്പാക്കി വരുന്നു. ഗുണ്ടാ സംഘങ്ങളുടെ പ്രവർത്തനം ഉന്മൂലനം ചെയ്യുന്നതിന് തുടർച്ചയായി ക്രമസമാധാന പ്രശ്നങ്ങൾ ഉണ്ടാക്കുന്നവരെ റൗഡി ഹിസ്റ്ററി ഷീറ്റിൽ ഉൾപ്പെടുത്തി നിരീക്ഷണങ്ങൾ നടത്തിയും സി.ആർ.പി.സി സെക്ഷൻ 107, 109, 110 പ്രകാരം സമാധാന സംരക്ഷണത്തിന് ജാമ്യം വാങ്ങിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചും കേരള ആന്റി സോഷ്യൽ ആക്ടിവിറ്റീസ് (പ്രിവൻഷൻ) ആക്ട് 2007 സെക്ഷൻ 3(1) പ്രകാരം കരുതൽ തടങ്കലിൽ പാർപ്പിച്ചും സെക്ഷൻ 15(1) പ്രകാരം ജില്ലകളിൽ നിന്നും നാടുകടത്തിയും നടപടികൾ സ്വീകരിച്ച് വരുന്നു. |
| (ബി) പ്രോസിക്യൂട്ടറുമായി കൂടിയാലോചിച്ച് കൃത്യമായ കുറ്റപത്രം തയ്യാറാക്കുന്നതിനും മാതൃകാപരമായ ശിക്ഷ വാങ്ങിക്കൊടുക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുമോ? | (ബി) കേസിന്റെ സ്വഭാവം അനുസരിച്ച് നിയമോപദേശം ആവശ്യമുള്ള കേസുകളിൽ പ്രോസിക്യൂട്ടറുമായി കൂടിയാലോചിച്ച് കുറ്റമറ്റ രീതിയിൽ കുറ്റപത്രം തയ്യാറാക്കി നൽകി പരമാവധി ശിക്ഷ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ.